64-ാമത് കേരള സ്കൂൾ കലോത്സവം
തിയ്യതി......................
പ്രോഗ്രാം കമ്മിറ്റി

Item Code: 950 Participant Code: 100

വിഷയം :- ഒറ്റമരത്തിലെ പക്ഷി.

## അകൽദാമ

"നല്ലവരെ ദൈവം നേരത്തേ വിളിക്കുമെന്ന് പറയുന്നത് നേരാ... ഇന്നലെ വരെ ഒരു തലവേദന പോലും ഇല്ലായിരുന്നെന്നാ കേട്ടത്... ഇനിയിപ്പോ പറഞ്ഞിട്ടെന്താ? ...സംഭവിക്കാനുള്ളത് സംഭവിച്ചു.."

"ആ കൊച്ചിനിനി ആരാണോ ഉള്ളത്?! പഠിത്തം കഴിയാൻ ഒന്നോ രണ്ടോ മാസം കഷ്ടിയെ ഉണ്ടായിരുന്നുള്ളൂ... ഒറ്റമോളല്ലേ? അമ്മ മരിച്ചതിൽപിന്നെ അതിനെ താഴത്തും തലയിലും വയ്ക്കാതെയല്ലേ മാത്യു കൊണ്ടുനടന്നത്.."

ഓടിട്ട വീടിന്റെ കട്ടിളപ്പടിയിൽ നിന്ന് താടിക്ക് കൈയ്യും കൊടുത്ത് പറയുന്ന അകന്ന ബന്ധുക്കളെന്ന് പേരുള്ളവരുടെ വാക്കുകൾ ഉച്ചത്തിൽ കേൾക്കുന്നുണ്ട്.. മുന്നിലെ ഫ്രീസറിൽ വച്ചിരിക്കുന്ന അപ്പച്ചന്റെ ശരീരത്തിലേക്ക് നോക്കിയിരിക്കുമ്പോൾ ചുറ്റുമുയരുന്ന പ്രാർത്ഥനയുടേയും മരണഗീതങ്ങളുടെയും കൂടെ അപശബ്ദമെന്ന് മുദ്രകുത്തി അവളത് തള്ളിക്കളഞ്ഞു. അല്ലെങ്കിലും പോസ്റ്റുമാർട്ടം കഴിഞ്ഞ് കൊണ്ടുവന്ന അപ്പച്ചനെ കണ്ടതുമുതലേ കേൾക്കാൻ തുടങ്ങിയതാണ്.. കണ്ണുനീരിൽ കുതിർന്നുണങ്ങി കവിളിൽ പറ്റിപിടിച്ചിരുന്ന മുടിയിഴകൾ പറിച്ചു മാറ്റുന്നപോൽ ഒതുക്കി വയ്ക്കുമ്പോൾ അവളുടെ കൈകൾ വിറയ്ക്കുന്നുണ്ടായിരുന്നു...

എത്രവേഗമാണ് വർണശബളമായ ഒരാളുടെ ജീവിതം ഭീകരമായൊരു ഇരുണ്ട പുകമറയ്ക്കുള്ളിൽ എന്നപോൽ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം തീയതി.................. ★ പ്രോഗ്രാം കമ്മിറ്റി ★

~~അക്ക~~ അകപ്പെട്ടുപോയത്!? ഇരുട്ടു നിറഞ്ഞ ജീവിതവീഥിയിൽ വഴിവിളക്കായി മുന്നേ പോയ ആളാണ് ജീവനറ്റ വെറും ശരീരമായി മുന്നിൽ കിടക്കുന്നത്.. ഒരു നിമിഷത്തേക്ക് തന്റെ ലോകമത്രയും ഒരു ബിന്ദുവിലേക്ക് ചുരുങ്ങിപ്പോകുന്നത് പോലെ തോന്നി അന്നയ്ക്ക്..

രാഷ്ട്രീയത്തിന്റെ മുഖ്യാസനങ്ങളെ അലങ്കരിക്കുന്ന ചിലരുടെ കണ്ണിൽ വെറുമൊരു വാർഡ് മെമ്പർ ആയിരുന്നെങ്കിലും മാത്യു കുരിശിങ്കൽ എന്നും ജനസമ്മതനായിരുന്നു: ആ വാർഡിലെയെന്നല്ല, പഞ്ചായത്തിലെ ഏതെങ്കിലും ഒരാൾക്ക് എന്തെങ്കിലും ആവശ്യം വന്നാൽ സ്വന്തം കാര്യം പോലും മാറ്റിവച്ച് അത് നടത്തികൊടുക്കാൻ സമയം കണ്ടെത്തും. സത്യസന്ധനെന്ന ഒറ്റ കാരണം കൊണ്ട് പുറത്ത് ചിരിച്ചുകാണിക്കുന്ന എണ്ണമറ്റ ശത്രുക്കളെ സമ്പാദിച്ചൊരു ജനപ്രതിനിധി - എന്നൊരു പേരുമുണ്ടായിരുന്നു അദ്ദേഹത്തിന്.

"എത്ര നേരായി ഈ ഇരുപ്പ് ഇരിക്കുന്നു.. സമയം ഇരുട്ടിത്തുടങ്ങി... ഒരു വറ്റെങ്കിൽ അത്രയെങ്കിലും കഴിക്ക് കുഞ്ഞേ.. ഇല്ലേൽ വീണുപോകും.." അപ്പച്ചനെ തന്നെ നോട്ടമെയ്ത് ഇരിക്കുമ്പോൾ ഇരുതോളിലും കൈവച്ച് വിളിക്കുന്നുണ്ട് ആരോ... ഒന്നോ രണ്ടോ വട്ടം കണ്ടൊരു പരിചയം വച്ച് അത് അമ്മയുടെ ചേച്ചിയാണെന്ന് അവൾക്ക്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മനസ്സിലായെങ്കിലും ഓടി അണഞ്ഞാൻ പോയില്ല. തളർച്ചയെല്ലാം മനസ്സിനാണല്ലോ, പിന്നെ ശരീരം തളരാതെ നോക്കിയിട്ട് എന്ത് കാര്യം!? ഹാളും കടന്ന് അകത്തേക്ക് വരുന്നൊരു കാറ്റിൽ പാറിപ്പറന്ന് കാഴ്ച്ചയെ മറയ്ക്കുന്ന അലസമായ മുടിയൊന്ന് ഒതുക്കി വയ്ക്കാൻപോലുമാകാതെ അവൾ കസേരയിൽ മരവിച്ചിരുന്നു.

വെറും പത്ത് വയസ്സുള്ളപ്പോൾ അമ്മ മരിച്ചതിൽ പിന്നെ അമ്മയുടെ കുടുംബക്കാരെ പിന്നെയീ വഴിക്കധികം കണ്ടിട്ടില്ലെന്ന് വേണം പറയാൻ.. പ്രേമവിവാഹം ആയിരുന്നു എന്നതിനാലും അമ്മയുടെ കൂട്ടർക്കും അപ്പച്ചന്റെ കൂട്ടർക്കും അതിനോട് എതിർപ്പ് ഉണ്ടായിരുന്നതിനാലും ബന്ധുക്കളെന്ന് പറയാനോ അടുപ്പം സൂക്ഷിക്കാനോ ആരുമുണ്ടായിരുന്നില്ല. അപ്പച്ചൻ സജീവ രാഷ്ട്രീയത്തിലേക്ക് ഇറങ്ങി പ്രവർത്തിച്ചിരുന്ന കാലത്തായിരുന്നു അമ്മയുടെ മരണം. പിന്നെ മാത്യു കുരിശിങ്കലിന്റെ ഒരേയൊരു ലോകമായി മാറിയിരുന്നു അന്ന.

അമ്മയില്ലാത്ത കുറവ് നികത്തിയാണ് വളർത്തിയത്. ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ അവളുടെ അമ്മയെ അത്യാവശ്യമായി വേണ്ട ഘട്ടത്തിൽ പോലും കൂടെയുണ്ടായിരുന്നു അദ്ദേഹം. സോഫ്റ്റ്‌വെയർ എഞ്ചിനിയറിംഗ് എന്ന മകളുടെ സ്വപ്നത്തെ പ്രോത്സാഹിപ്പിച്ചും അവൾക്ക് താങ്ങും

തണലുമായി നിന്ന മനുഷ്യൻ സ്വന്തമായി തുന്നിച്ചേർത്തു കൊണ്ടിരുന്ന ചിറകുവിടർത്താൻ മാസങ്ങൾ ബാക്കി നിൽക്കവെ താൻ മാത്രം ലോകമായിരുന്ന തന്റെ കുഞ്ഞുപക്ഷിയെയും തനിച്ചാക്കിപ്പോയിരിക്കുന്നു. ഒരേസമയം സങ്കടവും ദേഷ്യവും പരിഭവവും വന്നുപോയി അന്നയ്ക്ക്, അവളുടെ അപ്പച്ചനോട്. "നാളെ രാവിലെ പത്തുമണിക്ക് പള്ളിവക സെമിത്തേരിയിൽ നാൻസിയുടെ കല്ലറയ്ക്കടുത്ത് അടക്കം. ഒരു ഉച്ച ആകുമ്പോഴേക്കും കഴിയുമായിരിക്കും.. ബാക്കി ഞാൻ ജോസിനോട് പറഞ്ഞിട്ടുണ്ട്." ശബ്ദത്തിൽ പറഞ്ഞുകൊണ്ട് ഫോണുമായി അകത്തേക്ക് കയറിയ ബദറിട്ട ഒരാൾ അന്നയെ കണ്ടതും ശബ്ദം താഴ്ത്തി വീണ്ടും പുറത്തേക്ക് പോയി. അമ്മയുടെ ചേച്ചി വീണ്ടും വന്ന് നിർബന്ധിച്ചപ്പോൾ അവരെ ബോധിപ്പിക്കാൻ വേണ്ടി മാത്രം ഒന്നോ രണ്ടോ പിടി ചോറുണ്ട് മുറിയിലേക്ക് പോയി. ഇനിയും അവിടെ ഇരുന്നാൽ ഇനിയുള്ള ജീവിതമേ വെറുത്തുപോകും..! ഒരു ഗ്ലാസ് വെള്ളം കഷ്ടപ്പെട്ട് കുടിച്ചിറക്കി തന്റെ കട്ടിലിലേക്ക് അന്നയിരുന്നു.

വീടിന് പുറത്തും അകത്തുമായി വന്നുപോകുന്ന ഒരുപാട് പേരുണ്ട്. അത്യാവശ്യം അറിയപ്പെടുന്നൊരു രാഷ്ട്രീയ പ്രവർത്തകനായതുകൊണ്ട് അവസാനമായി ഒരു നോക്ക് കാണാൻ വരുന്നവരിൽ അധികവും

64-ാമത് കേരള സ്കൂൾ കലോത്സവം പ്രോഗ്രാം കമ്മിറ്റി

വെള്ളയിട്ട രാഷ്ട്രീയക്കാരും അപരിചിതരായ നാട്ടുകാരുമാണ്. ആർക്കും മുഖം കൊടുക്കാതെ ഇരുന്നപ്പോൾ കേട്ട ആശ്വാസ വാക്കുകൾ വീണ്ടും പിരിമുറുക്കം കൂട്ടിയതുപോലെ.. തനിക്ക് എന്തൊക്കെയോ നഷ്ടപ്പെട്ടുവെന്ന് സ്ഥാപിക്കുക എന്ന ലക്ഷ്യമാണോ ഇവർക്കെല്ലാം? മേലെ പതിയെ ഒരു താളത്തിൽ കറങ്ങുന്ന ഫാനിനെ നോക്കിയവൾ കട്ടിലിൽ നിവർന്നുകിടന്നു.. ഉച്ചമുതൽ ഒറ്റ ഇരുപ്പായിരുന്നതിനാൽ തന്നെ പെട്ടെന്ന് കണ്ണുകളടഞ്ഞുപോയി..

"അച്ഛനും അമ്മയും ഇല്ലാത്ത കുട്ടികള് ഉണ്ടെന്ന് ടീച്ചർ ഇന്ന് പറഞ്ഞല്ലോ! അവരൊക്കെ എങ്ങനെയാ ജീവിക്കാ അപ്പച്ചാ?" തോളൊടൊപ്പമുള്ള മുടി ഇരുവശവും പിന്നിക്കെട്ടിയ ഒരു അന്നക്കുട്ടി മുന്നിൽ വന്ന് കൊഞ്ചലോടെ ചോദിക്കുമ്പോൾ അവളുടെ നിഷ്കളങ്കമായ മുഖം കാണെ ചിരിയോടെയവളെ മടിയിലേക്കിരുത്തി മാത്യു..

"അവർക്കേ അച്ഛനും അമ്മയും മരിച്ചെന്ന് കരുതി, ആ കുഞ്ഞുങ്ങളെ വിട്ട് അവർക്ക് പോകാൻ പറ്റില്ലെന്നേ.. ദൈവം കൂടെയുള്ളപോലെ അവരുടെ അച്ഛനും അമ്മയും എന്നും അവരുടെ കൂടെയുണ്ടാകും.." അവളുടെ കവിളിൽ തഴുകി മാത്യു പറയുമ്പോൾ നാൻസി ഉമ്മറത്തേക്ക് വന്ന് അവളുടെ സ്കൂൾ ഐഡി കാർഡ് ഊരിയെടുത്തു.

64-ാമത് കേരള സ്കൂൾ കലോത്സവം ★ പ്രോഗ്രാം കമ്മിറ്റി ★

"അപ്പൊ അന്നക്കുട്ടിയുടെ അപ്പച്ചനും അമ്മയും മരിച്ചാലും നിങ്ങള് കൂടെ കാണുമോ ?" സങ്കടം വന്ന് വിർത്ത മുഖത്തോടെ ചോദിക്കുന്ന തങ്ങളുടെ പുത്രിയെ നോക്കി ഇരുവരും മുഖത്തോട് മുഖം നോക്കി.

"അതെന്താ അങ്ങനെയൊരു പറച്ചിൽ? ഞങ്ങൾക്കെങ്ങനാ ഞങ്ങളുടെ അന്നക്കുട്ടിയെ തനിച്ചാക്കി പോകാൻ പറ്റുന്നത്? പേടിക്കണ്ട കേട്ടോ... അപ്പച്ചനും അമ്മയും കുഞ്ഞിനെ തനിച്ചാക്കി എങ്ങും പോകില്ല..." ആ വാക്കുകൾ കേൾക്കെ പൂനിലാവ് ഉദിച്ചപോലെ പ്രകാശിച്ചയാ കുഞ്ഞുമുഖം കൈകളിലെടുത്ത് മാത്യു നെറ്റിയിൽ മുത്തി..

മനസ്സറിഞ്ഞയാ ചുംബനം വീണ്ടും അനുഭവിച്ചപോലെ അന്നയുടെ മിഴികൾ നിറഞ്ഞു.. അവ ഇരുവശത്തേക്കും പത്തന്നൊഴുകി തലയണയിൽ അഭയം കണ്ടെത്തി..

എന്തൊക്കെയോ നഷ്ടപ്പെട്ടതുപോലെ തോന്നുന്നു.. തന്റെ ശരീരത്തിന്റെ ഒരു ഭാഗം അടർന്ന് പോയതു പോലൊരു വേദന തോന്നുന്നു.. അമ്മയുടെ മരണത്തിൽ അലറിക്കരഞ്ഞ തന്നെ ചേർത്തുപിടിച്ച മനുഷ്യനാണ് ഇന്ന് തന്നെയും വിട്ട് പോയിരിക്കുന്നത്.

അടച്ചുറപ്പുള്ളൊരു ഇരുണ്ട മുറിയിൽ ചെവിപൊത്തി ഒന്നുച്ചത്തിൽ അലറാൻ അന്ന കൊതിച്ചുപോയി..

കണ്ണുകൾ വലിച്ചു തുറക്കുമ്പോൾ ആയിരം കഠാരകൾ

64-ാമത് കേരള സ്കൂൾ കലോത്സവം തിയ്യതി.................. പ്രോഗ്രാം കമ്മിറ്റി

ഒന്നിച്ച് കുത്തിയിറക്കുന്ന പോലൊരു മുറിവുണ്ട് മനസ്സിൽ.. അന്നത്തെ രാത്രി ഒരുപോള കണ്ണടയ്ക്കാൻ അന്നയ്ക്കായില്ല...

പിറ്റേന്നുള്ള കാര്യങ്ങളെല്ലാം വേഗത്തിലായിരുന്നു. അന്ന യാന്ത്രികമായി എല്ലാത്തിനും കൂട്ടുനിന്നു. പന്ത്രണ്ട് വർഷം പഴക്കമുള്ള, നാൻസി മാത്യു കുരിശിങ്കൽ എന്ന കല്ലറയ്ക്ക് സമീപം പുതുതായി വെട്ടിയ കുഴിക്ക് അരികെ നിൽക്കുമ്പോൾ ചുറ്റുമുള്ള ലോകം കൊട്ടിയടയ്ക്കപ്പെട്ടപോലെ.. ഉച്ചത്തിൽ അച്ചൻ ചൊല്ലുന്ന പ്രാർത്ഥനകളേക്കാൾ ശബ്ദത്തോടെ, ദിഗന്തം പൊട്ടുമാറുച്ചത്തിൽ അന്നയുടെ ഉള്ളം അലറിക്കരയുന്നുണ്ട്.

അന്ത്യചുംബനം കൊടുക്കാൻ കുനിയുമ്പോൾ അവളുടെ ചുണ്ടുകൾ വിറച്ചു.. കൈകൾ ആ മുഖമാകെ തഴുകി... ആരൊക്കെയോ ചേർന്ന് പെട്ടി അടച്ചപ്പോൾ മാത്രം ഒരാശ്രയത്തിനെന്നോണം അടുത്തുനിന്ന അമ്മയുടെ ചേച്ചിയുടെ കൈകളിൽ പിടിത്തം മുറുക്കി... അപ്പോൾ മാത്രം!

ഓർക്കാപ്പുറത്ത് അനാഥത്വത്തിലേക്ക് കൂപ്പുകുത്തുന്ന അവസ്ഥ ഭീകരമാണ്... ചുറ്റും ആയിരം പേരുണ്ടായിരുന്നാലും ആ രണ്ടു പേർ നൽകുന്ന ശൂന്യത നികത്താനാവില്ല ആർക്കും!! ദീർഘമായൊരു നെടുവീർപ്പോടെ കൈയിലെ ഒരുപിടി മണ്ണ് പെട്ടിയുടെ മേലേക്കിടുമ്പോൾ അന്നയ്ക്ക്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തളർച്ച തോന്നിയില്ല. ഒരു മരവിപ്പ് മാത്രം.

ഭൂമിവിട്ട ആത്മാക്കളുടെ ശേഷിപ്പുറങ്ങുന്ന ചെമ്മണ്ണിനെ നനച്ചുകൊണ്ട് മഴ ആർത്തുലഞ്ഞുപെയ്തു. രക്തനിലമായ ആ അക്കൽദാമയെയും കടന്ന് ഭൂമിയുടെ ഉള്ളറകൾ തേടി, കൈവഴികളായി അവ പരന്നൊഴുകി ഇറങ്ങുമ്പോൾ മരണശുശ്രൂഷകൾ പൂർണത പ്രാപിച്ചിരുന്നു. മരണം കൊണ്ടും മണ്ണിൽ ഒന്നായവരെ അവസാനമായി ഒന്നു നോക്കി തിരിയുമ്പോൾ ഇനിയെന്ത് എന്നുള്ള ചോദ്യം മുന്നിൽ അവശേഷിക്കുന്നുണ്ട്:

"പേടിയാവുന്നു അപ്പച്ചാ! നിങ്ങളില്ലാതെ ഞാനെന്ത് ചെയ്യണം??" മരവിച്ച മനസ് മന്ത്രിക്കുന്നുണ്ട്... ഒറ്റമരത്തിലെ ആകെയുള്ള ഒറ്റച്ചില്ലയിൽ ഒരു കുഞ്ഞുപക്ഷിയെ തനിച്ച് നിർത്തി അവർ മടങ്ങി... ആ മരം പൂക്കളും കായ്കളും ഇലകളുമില്ലാതെ കരിഞ്ഞുണങ്ങി... ഇനിയൊരു വസന്തത്തിന് ഭാവിയില്ലാത്ത പോലവ ചില്ലകൾ താഴ്ത്തി നിന്നപ്പോൾ ആ കുഞ്ഞുപക്ഷി മരത്തിന്റെ തായ്ത്തടിയിലേക്ക് ഒന്നുകൂടി ഒതുങ്ങിക്കൂടി, ചിറകുപൊത്തിയിരുന്നു.... ഇനിയൊരു ഇടിമിന്നലിൽ നിന്ന് അതിനെ ചേർത്തുപിടിക്കാൻ ആരുമില്ലല്ലോ!

---